(ബി) ദർഘാസിനുമേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ അത് തീർപ്പാക്കിയാൽ മാത്രമേ ഇനി തുടർ നടപടികളെടുക്കുവാൻ സാധിക്കുകയുള്ളൂ. അതിനാൽ എന്ന് മുതൽ ആരംഭിക്കുമെന്ന് പറയുവാൻ നിർവ്വാഹമില്ല. ദർഘാസിലെ നിബന്ധനകളനുസരിച്ച് അതിസുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കാൻ യോഗ്യത ലഭിക്കുന്ന സ്ഥാപനം കരാർ ഒപ്പിട്ട് മൂന്നു മാസത്തിനകം ഈ പദ്ധതി നടപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) കേന്ദ്ര മോട്ടോർ വാഹന ചട്ടപ്രകാരം പദ്ധതി നടപ്പിലാക്കുന്ന തീയതി മുതൽ രണ്ട് വർഷത്തിനകം നിലവിലുള്ള വാഹനങ്ങളിൽ സുരക്ഷാ നമ്പർ പ്ലേറ്റ് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ എത്ര രൂപ ചെലവാകുമെന്ന് പറയാൻ കഴിയുകയുള്ളൂ.

(ഇ) നിലവിൽ യാതൊരു സംവിധാനവുമില്ല.

കോഴിക്കോട് ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ

168 (1896) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം റൂട്ടിലേക്ക് കെ.എസ്.ആർ.ടി.സി. പുതുതായി സർവ്വീസ് ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെങ്കിലും പുതിയ റൂട്ടിൽ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ഉൾപ്പെടെയുള്ള യൂണിറ്റുകളിൽ അനുവദിച്ചിട്ടുള്ള സർവ്വീസുകൾ

കോഴിക്കോട്-30 സർവ്വീസ് പുതുതായി അനുവദിച്ചു. എന്നാൽ അതിൽ 15 സർവ്വീസ് ഡിപ്പോ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമീപ യൂണിറ്റുകളിലേക്ക് മാറ്റിയിട്ടുണ്ട്.

ഇപ്പോൾ നടത്തപ്പെടുന്ന 15 സർവ്വീസ്

1. കോഴിക്കോട്-ബാംഗ്ലൂർ ഡീലക്സ്-2
2. കോഴിക്കോട്-മൈസൂർ എക്സ്പ്രസ്സ്-4
3. കോഴിക്കോട്-കടലുണ്ടിക്കടവ് ഓർഡിനറി-2

LIBRARY ARCHIVES Kerala Legislative Assembly

4. കോഴിക്കോട്-നായാടാം പൊയിൻ ഓർഡിനറി-1
5. കോഴിക്കോട്-പയ്യടി മീത്തൽ ഓർഡിനറി-1
6. കോഴിക്കോട്-സിറ്റി സർക്കുലർ ഓർഡിനറി-2
7. കോഴിക്കോട്-പെരുമുഖം ഓർഡിനറി-1
8. കോഴിക്കോട്-ബളാൽ ഓർഡിനറി-1
9. കോഴിക്കോട്-പെരുമണ്ണ ഓർഡിനറി-1

താമരശ്ശരി-9

1. താമരശ്ശരി-കോഴിക്കോട്-തുഷാരഗിരി
2. താമരശ്ശേരി-തിരുവനന്തപുരം
3. താമരശ്ശേരി-പരപ്പനങ്ങാടി
4. താമരശ്ശേരി-പൊന്നാങ്കയം
5. താമരശ്ശേരി-കൊടക്കാട്ടുപാറ
6. താമരശ്ശേരി-വെളിമണ്ണമുക്കം
7. താമരശ്ശേരി-പിലാശ്ശേരി-കോഴിക്കോട്
8. താമരശ്ശേരി-തെയ്യപ്പാറ-കൊടഞ്ചേരി
9. താമരശ്ശേരി-ചീക്കിലോട് കോഴിക്കോട്

തൊട്ടിൽപ്പാലം-18

1. തൊട്ടിൽപ്പാലം-കോഴിക്കോട് ചെയിൻ-9
2. തൊട്ടിൽപ്പാലം-ബാംഗ്ലൂർ-1
3. തൊട്ടിൽപ്പാലം-ചൂരണി-കല്ലാച്ചി-വടകര-1
4. തൊട്ടിൽപ്പാലം-കുമ്പളച്ചോല-കണ്ണൂർ-1
5. തൊട്ടിൽപ്പാലം-പാറക്കടവ്-എയർപോർട്ട്-1
6. തൊട്ടിൽപ്പാലം-തളിയിക്കര-വടകര-1
7. തൊട്ടിൽപ്പാലം-കുറ്റ്യാടി-പെരുവയൽ-1
8. തൊട്ടിൽപ്പാലം-കുറ്റ്യാടി-തീക്കുനി-വടകര-1
9. തൊട്ടിൽപ്പാലം-കായണ്ണ-താമരശ്ശേരി-1
10. തൊട്ടിൽപ്പാലം-തെക്കേടത്തുകടവ്-ആയംചേരി-വടകര-1

LIBRARY ARCHIVES Kerala Legislative Assembly

വടകര-8 സർവ്വീസ്

1. വടകര-മണിയൂർ-2

2. വടകര-തിരുനെല്ലി-1

3. വടകര-കോഴിക്കോട്-കണ്ണൂർ റ്റി. റ്റി. ഓർഡിനറി-3

4. വടകര-ചുഴലി-1

5. വടകര-വാളൂക്ക്-1

(ബി) തൊട്ടിൽപാലം യൂണിറ്റിലെ പാറക്കടവ്-എയർപോർട്ട്, കുറ്റ്യാടി-പെരുവയൽ, തെക്കേടത്തു കടവ്-ആയംചേരി-വടകര, വടകര യൂണിറ്റിലെ വടകര-തിരുനെല്ലി എന്നിവ ഒഴികെ കോഴിക്കോട്, താമരശ്ശേരി യൂണിറ്റുകളിലെ എല്ലാ പുതിയ സർവ്വീസും നടത്തുന്നുണ്ട്.

(സി) കോഴിക്കോട് യൂണിറ്റിൽ അനുമതി നൽകിയ സർവ്വീസ് ആരംഭിക്കാനുണ്ട്.

1. കോഴിക്കോട്-സിറ്റി സർക്കുലർ-2

2. കോഴിക്കോട്-കക്കോടി-പായിമ്പ്ര-1

3. കോഴിക്കോട്-കൊളക്കുത്ത്-1

4. കോഴിക്കോട്-മണ്ണാം പൊയിൽ-1

താമശ്ശേരി യൂണിറ്റിൽ 5 സർവ്വീസ് താമരശ്ശേരി-കൊയിലാണ്ടി-പെരിന്തൽമണ്ണ-ചെയിൻ-5 തൊട്ടിൽപ്പാലം യൂണിറ്റിൽ 6 സർവ്വീസ് തൊട്ടിൽപ്പാലം-വടകര ചെയിൻ-6 വടകര-അനുമതി നൽകിയ എല്ലാ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഓപ്പൺ ടെൻഡർ മുഖാന്തരം വാങ്ങിയ സാധനങ്ങൾ

169 (1897) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിൽക്ക്, ഡൽഹി ആസ്ഥാനമായ എ.എസ്.ആർ.ടി.യു. റേറ്റ് കോൺട്രാക്ട് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ സാധനങ്ങൾ പിന്നീട് കെ.എസ്.ആർ.ടി.സി. ഓപ്പൺ ടെന്റർ മുഖാന്തിരം വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാധനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) ഓപ്പൺ ടെന്റർ മുഖാന്തിരം സാധനസാമഗ്രികൾ വാങ്ങിയ നടപടി കെ.എസ്.ആർ.ടി.സി.-ക്ക് ലാഭകരമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ലാഭകരമായിരുന്നു എങ്കിൽ പ്രസ്തുത ഓപ്പൺ ടെന്റർ രീതി തുടർന്നുള്ള പർച്ചേസിനും നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly